

# ഇതെന്തുപറ്റി ?

ഇന്ത്യ ഇന്ന് ലോകത്തിൽ മറ്റ് രാജ്യങ്ങളേക്കാൾ ഏറെ വളർന്നു. അതിൽ ദൈവത്തിന്റെ സ്വന്തം നാടായ നമ്മുടെ കേരളം എല്ലാ നിലയിലും വളരെ മുൻപന്തിയിലാണ്. വിദ്യാഭ്യാസം, ആരോഗ്യം, സാംസ്കാരികം, സാമ്പത്തികം, ശാസ്ത്രം, ഐ. റ്റി, അടിസ്ഥാന സൗകര്യം എന്നിവയിൽ നാം ലോകത്തിനുമുമ്പിൽ അഭിമാനിക്കത്തക്ക നിലയിലുള്ള നേട്ടങ്ങൾ കൈവരിച്ചു. അതിന്റെ തെളിവാണ് ഭൂഖണ്ഡങ്ങളിൽ എല്ലാം ചെന്നെത്തി ഉന്നത ജോലിയും ഭരണവും എല്ലാം നടത്തുന്ന നമ്മുടെ ലക്ഷക്കണക്കിന് സഹോദരങ്ങൾ....

എന്നാൽ ഈ പുരോഗതിയും വളർച്ചയും നാം നേടിയപ്പോൾ നമുക്ക് നഷ്ടമായത് ദൈവീകനന്മകളും മാനവികതയും, കുടുംബബന്ധങ്ങളുമാണ്. കേരളജനത മുമ്പ് അനുഭവിച്ചുകൊണ്ടിരുന്ന സമാധാനത്തിന് ഇന്ന് എന്തുപറ്റി. ഒരിടത്തും സമാധാന അന്തരീക്ഷം ഇല്ലാതായിരിക്കുന്നു. എവിടെ നോക്കിയാലും മദ്യത്തിന്റേയും മയക്കുമരുന്നിന്റേയും കേന്ദ്രമായി നമ്മുടെ നാട് മാറിക്കൊണ്ടിരിക്കുന്നു.

ലഹരിവസ്തുക്കൾ വിൽക്കുന്നവരുടെയും അത് ഉപയോഗിക്കുന്നവരുടെയും എണ്ണം നാൾക്കുനാൾ പെരുകിക്കൊണ്ടിരിക്കുന്നു. 13 നും 20 നും ഇടയിൽ പ്രായമുള്ളവരിൽ ക്രിമിനൽ സ്വഭാവം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. കൊല്ലും, കൊലയും, കൊലവിളിയും കൊണ്ട് ഇക്കൂട്ടർ നാട് വിറപ്പിച്ച് സഞ്ചരിക്കുന്നു.

ക്രിമിനലുകളെക്കൊണ്ട് കേരളത്തിലെ ജയിലുകൾ നിറഞ്ഞിരിക്കുന്നു. മുതിർന്നവരും സ്ത്രീകളും കുറ്റകൃത്യത്തിൽ പുറകിലല്ല. മാതാപിതാക്കൾ മക്കളെയും, മക്കൾ മാതാപിതാക്കളെയും കൊല്ലുകയും കൊല്ലിക്കുകയും ചെയ്യുന്നു.

മൃഗങ്ങളെ കൊല്ലുന്ന ലാഘവത്തോടെ മനുഷ്യൻ മനുഷ്യനെ കൊന്നൊടുക്കുന്നു. കൊലപാതകം, പിടിച്ചുപറി, ഭവനഭേദനം, കവർച്ച, തട്ടിക്കൊണ്ടുപോകൽ, ഭീഷണിപ്പെടുത്തൽ, ക്വട്ടേഷൻ, ഗുണ്ടാപണി, കള്ളക്കടത്ത്, കള്ളനോട്ടടി എന്നിവയെല്ലാം നാൾക്കുനാൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഇതെല്ലാം കണ്ടുംകേട്ടും സാധാരണക്കാരായവരുടെ മനസ് തകർന്നിരിക്കുന്നു.

എന്തും ചെയ്യുവാൻ മടിയില്ലാത്ത ഒരു സംസ്കാരം വളർന്നുകഴിഞ്ഞിരിക്കുന്നു. സമാധാനകാംക്ഷികളായവർ ചോദിക്കുന്നു എന്തുപറ്റി നമ്മുടെ സമൂഹത്തിന്? എന്തുപറ്റി കേരളജനതക്ക്? മനോഹരമായ ദൈവത്തിന്റെ സ്വന്തം നാടിന് ഉത്തരം ഇല്ലാതായിരിക്കുന്നു.

തെറ്റ് ചെയ്യുന്നവന് ശിക്ഷ ഉണ്ട് എന്നറിഞ്ഞിട്ടും എല്ലാവിധ കുറ്റകൃത്യങ്ങൾക്കും ശിക്ഷ വർദ്ധിപ്പിച്ചിട്ടും മനുഷ്യരുടെ ഇടയിൽ തെറ്റുകുറ്റങ്ങൾ കൂടികൊണ്ടിരിക്കുന്നു. എന്തുകൊണ്ടാണ് ഇതെല്ലാം വർദ്ധിച്ചുവരുന്നത്. അതിനുള്ള വ്യക്തമായ ഉത്തരം ദൈവത്തിന്റെ വചനമായ ബൈബിൾ നമുക്കു നൽകുന്നുണ്ട്.

അന്ത്യകാലത്ത് ദുർഘടസമയങ്ങൾ വരും എന്നറിയുക. മനുഷ്യർ സ്വസ്നേഹികളും, ദ്രവ്യാഗ്രഹികളും, വമ്പുപറയുന്നവരും അഹങ്കാരികളും, ദൂഷകരും, മാതാപിതാക്കളെ അനുസരിക്കാത്തവരും, നന്ദികെട്ടവരും, അശുദ്ധരും, വാത്സല്യമില്ലാത്തവരും, ഇണങ്ങാത്തവരും, ഏഷണിക്കാരും, അജിതേന്ദ്രീയന്മാരും, ഉഗ്രന്മാരും, സൽഗുണദ്വേഷികളും, ദ്രോഹികളും, ധാർഷ്ട്യക്കാരും, നിഗളികളുമായി, ദൈവപ്രിയമില്ലാതെ ഭോഗപ്രിയരായി മാറും (2തിമോഥെയോസ് 3:1- 5) ബൈബിളിലെ ഈ പ്രവചനം ലോകം അന്ത്യത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു എന്ന് വെളിപ്പെടുത്തിയിരിക്കുകയണ്. അതിന്റെ മുന്നറിയിപ്പ് എന്നോണം, കാലാവസ്ഥ മാറിക്കൊണ്ടിരിക്കുന്നു, ചൂട് വർദ്ധിക്കുന്നു, മഞ്ഞുമലകൾ ഉരുകുന്നു, ജലാശയങ്ങൾ വറ്റിപോകുന്നു. ജീവജാലങ്ങൾക്ക് നാശം സംഭവിച്ചുതുടങ്ങിയിരിക്കുന്നു. മനുഷ്യന് ഭൂമിയിൽ നിലനിൽപ്പില്ലാത്ത അവസ്ഥയിലേക്ക് കാര്യങ്ങൾ നീങ്ങിക്കൊണ്ടിരിക്കുന്നു. ഇതു ശരിയാണെന്ന് ശാസ്ത്രലോകവും സമ്മതിച്ചുകഴിഞ്ഞു. മനുഷ്യന് താമസിക്കുവാൻ പറ്റുന്ന മറ്റൊരിടം തേടി ശാസ്ത്രലോകം മറ്റു ഗ്രഹങ്ങളിലേക്ക് ചെന്ന് ഗവേഷണം നടത്തുന്നു. എങ്ങും കണ്ടെത്തുന്നതുമില്ല. മനുഷ്യൻ ചെയ്തുകൂട്ടുന്ന ഏതു പ്രവൃത്തിയുടെയും പരിണിതഫലം മനുഷ്യൻ തന്നെ അനുഭവിക്കേണ്ടതായിവരും. ദൈവസൃഷ്ടിയായ മനുഷ്യൻ ദൈവത്തിൽ നിന്ന് അകന്ന് ദൈവഭയമില്ലാത്തവരായി പാപത്തിൽ വീണുപോയിരിക്കുന്നു. ഇതാണ് ഇന്നു നാം കാണുന്ന സകല അനീതിയുടേയും അക്രമത്തിന്റേയും മുഖ്യമായ കാരണം.

***“ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ് ഇല്ലാത്തവരായിത്തീർന്നിരിക്കുന്നു”*** (റോമർ 3:23).

മനുഷ്യനിൽ വ്യാപരിക്കുന്ന പാപമാണ് സകലപ്രശ്നങ്ങൾക്കും കാരണം. പാപത്തിൽ വീണ് സുബോധം നഷ്ടപ്പെട്ട മനുഷ്യവർഗ്ഗത്തെ പാപത്തിന്റെ ശക്തിയിൽ നിന്ന് വിടുവിച്ച് ദൈവത്തോട് അടുപ്പിക്കുക എന്ന ദൗത്യത്തിനുവേണ്ടിയാണ് യേശു ഭൂമിയിൽ വന്നത്.

***“യേശുക്രിസ്തു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു എന്നുള്ളത് വിശ്വസിക്കത്തക്കതും എല്ലാവരും അംഗീകരിപ്പാൻ യോഗ്യമായ വചനം തന്നെ”*** (1 തിമോഥെയോസ് 1:15).

പാപത്തിൽ നിന്നും രക്ഷപ്പെടേണ്ടത് ഓരോ മനുഷ്യന്റേയും പ്രധാനപ്പെട്ട ആവശ്യങ്ങളിൽ ഒന്നാണ്. പാപത്തിൽ നിന്നും മോചനം പ്രാപിക്കാതെ മരിച്ചുപോകുന്ന ഒരു വ്യക്തിക്ക് ദൈവം ഒരുക്കിയിരിക്കുന്ന നിത്യതയിൽ എത്തപ്പെടുവാൻ കഴിയുന്ന കാര്യമല്ല. മരണശേഷമോ, മരണത്തിനുമുമ്പോ മനുഷ്യൻ കഴിക്കുന്ന യാതൊരു നേർച്ചകാഴ്ചകൾക്കൊ, സൽപ്രവൃത്തികൾക്കോ മനുഷ്യന് നിത്യത അവകാശമാക്കിതരുവാൻ കഴിയുകയില്ല. അങ്ങനെ സാദ്ധ്യമായാൽ മനുഷ്യൻ ദൈവത്തെക്കാൾ വലിയവനും ദൈവത്തെ ആശ്രയിക്കേണ്ട ആവശ്യം ഇല്ലാത്തവരുമായി മാറുകയും ചെയ്യും. നിത്യത ആഗ്രഹിക്കുന്ന ഒരു വ്യക്തി ദൈവം ഉണ്ട് എന്ന് വിശ്വസിക്കേണ്ടതായിട്ടുണ്ട്. കാരണം നിത്യതയിൽ എത്തപ്പെടുവാൻ ദൈവത്തിന്റെ സഹായം മനുഷ്യന് കൂടിയേതീരൂ.

***“ഞാൻ തന്നെ വഴിയും, സത്യവും, ജീവനുമാകുന്നു. ഞാൻ മുഖാന്തിരമല്ലാതെ ആർക്കും സ്വർഗ്ഗത്തിൽ എത്തപ്പെടാൻ കഴിയുകയില്ല ”*** (യോഹന്നാൻ 14:6)

മനുഷ്യർക്കാർക്കും മനുഷ്യരുടെ പാപത്തിന് പരിഹാരം വരുത്തി രക്ഷിപ്പാൻ കഴിയുകയില്ല. കാരണം 1. മനുഷ്യർ എല്ലാവരും പാപികളാകുന്നു. ഒരു പാപിക്ക് മറ്റൊരു പാപിയെ രക്ഷിപ്പാൻ കഴിയുകയില്ല. 2. പാപത്തിന്റെ ശിക്ഷ മരണമാകുന്നു.

മനുഷ്യരുടെ സകലപാപങ്ങൾക്കും പാപമില്ലാത്തവനായ യേശു കാൽവരി ക്രൂശിന്മേൽ മരണം എന്ന ശിക്ഷ ഏറ്റെടുത്ത് പാപത്തിന് പരിഹാരം വരുത്തി. ഇനി ഏതൊരു മനുഷ്യനും യേശുക്രിസ്തു എന്റെ പാപങ്ങൾക്കുവേണ്ടിയാണ് ക്രൂശിന്മേൽ മരിച്ചതെന്ന് വിശ്വസിച്ച് മാനസാന്തരപ്പെട്ട് തന്റെ പാപങ്ങളെ യേശുവിനോട് ഏറ്റു പറഞ്ഞ് ഉപേക്ഷിക്കുമ്പോൾ ആ മനുഷ്യന്റെ പാപങ്ങൾ ദൈവം ക്ഷമിക്കുകയും താൻ രക്ഷിക്കപ്പെടുകയും ചെയ്യുന്നു.

***“യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു”***

***“യേശുവിനെ കർത്താവ് എന്ന് വായ്കൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയർത്തെഴുന്നേൽപ്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കുകയും, വായ്കൊണ്ട് രക്ഷക്കായ് ഏറ്റുപറയുകയും വേണം”*** (റോമർ 10:9)

യേശുവിനെ കർത്താവായി അംഗീകരിച്ച് രക്ഷക്കായി യേശുവിനെ ഏറ്റുപറയുകയും ചെയ്യുമ്പോൾ ദൈവം അത് അംഗീകരിക്കുന്നു.

***"മറ്റൊരുവനിലും രക്ഷയില്ല. നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറൊരു നാമവുമില്ല"*** (അപ്പോസ്തല പ്രവൃത്തികൾ 4:12).

***"സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വന്നവനായി സ്വർഗ്ഗത്തിൽ ഇരിക്കുന്നവ നായ പുത്രനല്ലാതെ ആരും സ്വർഗ്ഗത്തിൽ കയറീട്ടില്ല."*** (യോഹന്നാൻ 3 :13). എന്നുള്ള ഈ വാക്യം നമുക്ക് ഒരു ഉറപ്പുകൂടിയാകുന്നു.

***"ഒരു മനുഷ്യൻ സർവ്വലോകവും നേടിയിട്ടും അവന്റെ ജീവനെ നഷ്ടമാക്കി യാൽ അവന് എന്തു പ്രയോജനം. മനുഷ്യൻ തന്റെ ജീവനെ വീണ്ടെടുക്കു വാൻ എന്ത് മറുവില കൊടുക്കും"*** (മത്തായി 16:26)

***"മനുഷ്യനെ വീണ്ടെടുക്കുവാനോ ദൈവത്തിന് വീണ്ടെടുപ്പുവില കൊടുക്കു വാനോ ആർക്കും കഴിയുകയില്ല. മനുഷ്യന്റെ പ്രാണന്റെ വീണ്ടെടുപ്പ് വില യേറിയത് "*** (സങ്കീർത്തനങ്ങൾ 49:8)

അതുകൊണ്ട് ഈ വീണ്ടെടുപ്പിനുവേണ്ടിയാണ് ദൈവം രക്ഷകൻ എന്ന് അർത്ഥമുള്ള യേശു എന്ന നാമത്തിൽ ഭൂമിയിൽ പിറന്നത്. അവൻ മനുഷ്യവർഗ്ഗത്തിന്റെ സകല പാപ ങ്ങൾക്കും വേണ്ടി കാൽവരിക്രൂശിന്മേൽ പരിഹാരം വരുത്തി മരിച്ച്, ഉയർത്തെഴുന്നേറ്റ് ഇന്നും ലോകത്തിൽ ജീവിക്കുന്നു.

***"യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നന്നേക്കും അനന്യൻ തന്നെ"***

യേശുവിൽ വിശ്വസിച്ച് അവന്റെ കല്പനകളെ അനുസരിച്ച് ജീവിക്കുന്നവർക്ക് അവൻ സമാധാനം, രക്ഷ, സന്തോഷം, നിത്യജീവൻ എന്നിവ കൊടുക്കുന്നു. ഈലോകജീവിതം ക്ഷണികം ഏറിയാൽ 70 അല്ലെങ്കിൽ 80 അത് വേഗം തീരും.

നിത്യതയോ അത് അവസാനിക്കാത്തതാകുന്നു. ഈ നിത്യത അവകാശമാക്കുവാൻ യേശു ക്രിസ്തുവിന്റെ സുവിശേഷത്തിൽ വിശ്വസിക്കുകയും അത് അനുസരിക്കുകയും ചെയ്യേണ്ടത് ആവശ്യമാകുന്നു എന്ന് ദൈവവചനം നമ്മോട് ആവശ്യപ്പെടുന്നു.

***"സുവിശേഷം അനുസരിക്കാത്തവൻ കർത്താവിന്റെ സന്നിധാനവും അവന്റെ വല്ലഭത്വത്തോടുകൂടിയ മഹത്വവും വിട്ടകന്നു നിത്യനാശം എന്ന ശിക്ഷാവിധി അനുഭവിക്കും"*** (2 തെസ്സലോനിക്യ 1:10)

പ്രിയ സ്നേഹിത ഈ ലോകജീവിതത്തിലെ അല്പനാളിലെ സുഖത്തിനുവേണ്ടി നിങ്ങ ളുടെ നിത്യത നഷ്ടമാക്കി കളയരുതെ. ഇന്നുതന്നെ യേശുവിനെ സ്വന്തരക്ഷിതാവും കർത്താ വുമായി സ്വീകരിച്ച് പാപങ്ങൾ ഏറ്റുപറഞ്ഞ് ഉപേക്ഷിച്ച് പാപമോചനം നേടി ഒരു പുതിയ മനു ഷ്യനായി ജീവിക്കും നിത്യ ശിക്ഷയിൽ നിന്ന് മോചനം പ്രാപിച്ച് നിത്യജീവൻ ഉറപ്പാക്കി ഈ ഭൂമി യിൽ ജീവിക്കൂ...

അറിവില്ലായ്മയുടെ നാളുകളെ ദൈവം ഗണ്യമാക്കുന്നില്ല. എന്നാൽ ഇപ്പോൾ എല്ലായി ടത്തും എല്ലാവരും മാനസാന്തരപ്പെടണമെന്ന് ദൈവം മനുഷ്യരോട് കൽപ്പിക്കുന്നു. ദൈവം നിങ്ങളെ സഹായിക്കട്ടെ...

*കൂടുതൽ വിവരങ്ങൾക്ക്:-*

**മലങ്കര ക്രിസ്ത്യൻ ചർച്ച്**

**രാമമംഗലം - കോട്ടപ്പുറം**

**Ph : 9142070113, 9947551741**



*Printed@Paul Graphics,: 9495220175*